(എ) സംസ്ഥാന സഹകരണ ബാങ്ക് എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കുന്നതിന് ഏതെങ്കിലും ദേശസാൽകൃത ബാങ്കുമായി സഹകരിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം പ്രസക്തമല്ല.

ശ്രീമതി കീനേരി പാർവ്വതിക്ക് കുടുംബ പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്

90 [4969] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി. 3971-ലെ അറ്റന്ററായി പെൻഷൻപറ്റിയശേഷം മരണമടഞ്ഞ ശ്രീ. കെ. ചന്ദ്രൻകുഞ്ഞിയുടെ കുടുംബ പെൻഷനുള്ള അപേക്ഷ കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ ബോർഡിൽ എന്നാണ് ലഭിച്ചത്;

(ബി) അപേക്ഷപ്രകാരം ശ്രീ. ചന്ദൻകുഞ്ഞിയുടെ വിധവ ശ്രീമതി കീനേരി പാർവ്വതിക്ക് കുടുംബ പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 12-9-2002-ൽ

(ബി) ഉണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

നെല്ല് സംഭരണത്തിൽ നടത്തിയ അഴിമതി

91 [4970] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് സർവ്വീസ് സഹകരണ ബാങ്ക് നെല്ല് സംഭരണത്തിൽ ക്രമക്കേട് നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ബാങ്ക് നെല്ല് സംഭരിക്കാൻ വേണ്ടി എത്ര ഗോഡൗണുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്; ഈ ഗോഡൗണുകൾക്ക് നിശ്ചയിച്ചിട്ടുള്ള വാടക എത്രയാണ്;

(സി) പ്രസ്തുത ഗോഡൗണുകളിൽ നെല്ല് സംഭരിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ബാങ്ക് വാടകയ്ക്ക് എടുത്ത ഒരു ഗോഡൗൺ ഈ ബാങ്കിലെ ഒരു ഡയറക്ടറുടേതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ബാങ്ക് സംഭരിച്ച നെല്ല് ഗോഡൗണിൽ സംഭരിക്കാതെ ഒരു ഡയറക്ടറുടെ സ്വകാര്യ മില്ലിൽ കൊണ്ടുപോയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(എഫ്) പ്രസ്തുത ബാങ്കിന്റെ നെല്ല് സംഭരണത്തിൽ നടന്ന കൃത്രിമത്തെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ''രണ്ട്'' ഗോഡൗണുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഈ ഗോഡൗണുകൾക്ക് പ്രതിമാസം 12,500 രൂപ വീതം വാടക നിശ്ചയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗോഡൗണുകളിൽ ഒരെണ്ണത്തിൽ മാത്രം നെല്ല് സംഭരിച്ചിട്ടുള്ളതായി ചിറ്റൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഈ ബാങ്ക് വാടകയ്ക്കെടുത്ത ഒരു ഗോഡൗൺ ബാങ്കിലെ ഒരു ഡയറക്ടറുടെ ജ്യേഷ്ഠന്റെ മകന്റെയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ഇ) പരാതി ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(എഫ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം വേണമോ എന്ന് പിന്നീട് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly